# വിഴിഞ്ഞം തുറമുഖപദ്ധതിയിൽ ആശങ്ക

ഡി. ക്രിസ്തുദാസ്

തിരുവനന്തപുരം: നിർദ്ദിഷ്ട വിഴിഞ്ഞം വാണിജ്യതുറമുഖം തദ്ദേശീയരിൽ ആശങ്ക പടർത്തുന്നു. തുറമുഖത്തിന്റെ പേരിൽ ഉണ്ടായേക്കാവുന്ന വ്യാപകമായ കുടിയൊഴിപ്പിക്കൽ ഭീതിയും പരമ്പരാഗത മത്സ്യബന്ധന മേഖലയ്ക്കുണ്ടാകുന്ന ആഘാതവുമാണ് ജനങ്ങളിൽ ഭീതി പരത്തുന്നത്. 40,000ത്തോളം പേരെ ബാധിക്കുമെന്ന് കരുതുന്ന തുറമുഖ പദ്ധതിക്കെതിരെ ജനകീയപ്രതിരോധം രൂപപ്പെടുകയാണ്. 2500കോടി രൂപ ചിലവു പ്രതീക്ഷിക്കുന്ന തുറമുഖം നിർമ്മാണത്തിന് നാലര കിലോമീറ്റർ നീളത്തിൽ തീരദേശം ആവശ്യമായി വരും. ഇത് തീരദേശപരിസ്ഥിതിക്ക് ഗുരുതരമായ ആഘാതം സൃഷ്ടിച്ചേക്കാമെന്നും ആശങ്കയുണ്ട്.

ബി. ഒ. ടി (ബിൽഡ്- ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ) വ്യവസ്ഥയിൽ നിർമ്മിക്കുന്ന തുറമുഖം തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് അടിമലത്തുറ മുതൽ കൊച്ചുതുറ വരെയുള്ള സ്ഥലത്താണ് നിർമ്മിക്കുക. 1995 ഒക്ടോബറിൽ ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ കേരളസർക്കാരും ഹൈദ്രാബാദിലെ കുമാർ എനർജി കോർപറേഷൻ തമ്മിലും ഒപ്പുവച്ചത്. നാലുവർഷത്തിനകം തുറമുഖത്തിന്റെ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ബി. ഒ. ടി വ്യവസ്ഥ അനുസരിച്ച് കുമാർ ഗ്രൂപ്പിന് 30 വർഷമോ അല്ലെങ്കിൽ മുടക്കുമുതലും 16% നിരക്കിൽ ലാഭവിഹിതവും ലഭിക്കുന്നതുവരെയോ തുറമുഖം കൈകാര്യം ചെയ്യാം. ഇതിനായി വായ്പ എടുക്കാനുള്ള സ്വാതന്ത്ര്യവും വിദേശസംരംഭങ്ങളുമായി ചേർന്ന് പ്രവർത്തിക്കാനും കുമാർ ഗ്രൂപ്പിന് സ്വാതന്ത്ര്യമുണ്ടായിരിക്കും.

തുറമുഖനിർമ്മാണത്തിനായി 500 ഏക്കർ ഭൂമി കേരളസർക്കാർ കുമാർ ഗ്രൂപ്പിന് നൽകേണ്ടതുണ്ട്. കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ പുനരധിവാസവും സർക്കാരിന്റെ കടമയാണ്. നാലുവരിപ്പാതയ്ക്കും റയിൽവേ ലൈനിനുമായി ഇതിനോടൊപ്പം സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നതിനാൽ വലിയ ഒരു വിഭാഗം ജനങ്ങൾ കുടിയൊഴിപ്പിക്കപ്പെടും. തുറമുഖം വരുന്നതോടെ പ്രദേശത്തെ പരമ്പരാഗത മീൻപിടുത്തക്കാർക്ക് വഞ്ചിയിറക്കണമെങ്കിൽ എട്ടു കിലോമീറ്ററോളം മാറിപ്പോകേണ്ടിവരുമെന്ന് പറയപ്പെടുന്നു. തുറമുഖ പ്രദേശത്ത് പത്തു കിലോമീറ്ററോളം തീരക്കടൽ മീൻപിടുത്തക്കാർക്ക് നഷ്ടപ്പെടുമെന്നും ജനകീയപ്രതിരോധപ്രവർത്തകർ ആരോപിക്കുന്നു.

മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുമെന്നതും തുറമുഖം കേന്ദ്രമാക്കി വൻകിടമത്സ്യബന്ധനകപ്പലുകൾ പ്രവർത്തിക്കുമെന്നതും പ്രാദേശികജനതയുടെ ജീവനമാർഗ്ഗം ഇല്ലാതാക്കും. മത്സ്യപ്രജനനത്തിന് അനുയോജ്യമായ അടിമലത്തുറ ഭാഗം അതിന് അനുയോജ്യമല്ലാതാകുകയും പ്രദേശത്തെ കണ്ടൽക്കാടുകളും പാറക്കെട്ടുകളും നഷ്ടമാകുകയും ചെയ്യും.

തുറമുഖനിർമ്മാണം സംബന്ധിച്ച വിവരങ്ങളെല്ലാം രഹസ്യമാക്കി വച്ചിരിക്കുകയാണെന്നും തദ്ദേശസ്വയംഭരണസമിതികൾ അതിന്റെ വിശദാംശങ്ങളെക്കുറിച്ച് അജ്ഞരാണെന്നും പറയപ്പെടുന്നു.

തുറമുഖപദ്ധതിയെ എതിർത്തുകൊണ്ട് അടിമലത്തുറ ആക്ഷൻ കൗൺസിലും തീരദേശസംരക്ഷണസമിതിയും പ്രതിഷേധപരിപാടികളുമായി 1999മുതൽ രംഗത്തുണ്ട്. ജനനിബിഡമായ സ്ഥലത്തുനിന്നും തുറമുഖനിർമ്മാണം മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പദ്ധതിപ്രദേശം സ്ഥിതി ചെയ്യുന്ന കോട്ടുകാൽ-കരകുളം പഞ്ചായത്തുകൾ ആവശ്യപ്പെട്ടിരിക്കുകയാണ്.